KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്

പുസ്തകം – 2 ലക്കം – 9 ഒക്ടോബർ – 2009 Web: www.syrianchurch.org/Kolosuryoyo.htm

# കണ്ടനാട് പള്ളിയിൽ ശ്രേഷ്ഠ ബാവാ പ്രവേശിച്ച് കുർബ്ബാനയർപ്പിച്ചു



കണ്ടനാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ ധൂപപ്രാർത്ഥന നടത്തുന്നു.

കണ്ടനാട്: കണ്ടനാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിൽ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും നാലു മെത്രാപ്പോലീത്തന്മാരും ഒക്ടോബർ 22–ന് പ്രവേശിച്ച് കുർബ്ബാനയർപ്പിച്ചു. നാല്പതു വർഷത്തിനുശേഷമാണ് പരി. അന്ത്യോ ഖ്യാ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട കാതോലിക്കാ ബാവാ കണ്ടനാട് പള്ളിയിൽ പ്രവേശിക്കുന്നത്. ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായ്ക്ക് സഭാതർക്കം മൂലം ഈ പള്ളിയിൽ പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല. പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ശക്രുള്ള മോർ ബസേലിയോസ് മഫ്രിയാനായുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഏഴിന്മേൽ കുർബ്ബാന നടത്തുന്നതിൽനിന്ന് യാക്കോബായ വിഭാഗത്തെ തടയണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് പക്ഷം എറണാകുളം അഡീഷണൽ മുൻസിഫ് കോടതിയിൽ ഹർജി നൽകിയിരുന്നു. ഹർജി തള്ളിയതിനെത്തുടർന്നാണ് ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്തന്മാരും പള്ളിയിൽ പ്രവേശിച്ച് കുർബ്ബാനയർപ്പിച്ചത്. ശക്രുള്ള ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചതിനുശേഷമുള്ള ആദ്യത്തെ ദുഃഖറോനോ പെരുന്നാളായിരുന്നു ഇത്തവണത്തേത്. ഏഴിന്മേൽ കുർബ്ബാനയിൽ മെത്രാപ്പോലീത്തന്മാരായ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത മാത്യൂസ് മോർ ഈവാനിയോസ് കുറിയാക്കോസ് മോർ ദീയസ്കോറസ്, ഏലിയാസ് മോർ അത്താനാസിയോസ് എന്നിവരും സംബന്ധിച്ചു. ആയിരക്കണക്കിന് ഭക്തജനങ്ങൾ പരിശുദ്ധന്റെ ഓർമ്മ പെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

# പരിശുദ്ധ വലിയ തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തി



1910 ഇടവം 27–ാം തീയതി അകപ്പറമ്പ് പള്ളിയിൽവെച്ച് പരിശുദ്ധ അബ്ദുള്ള പാത്രിയർക്കീസ് ബാവായാൽ പൗലൂസ് മോർ അത്താനാസിയോസ് എന്ന നാമത്തിൽ മലങ്കര സഭയ്ക്ക് വേണ്ടി വാഴിച്ചാക്കിയ പുണ്യവാനാണ് ആലുവായിലെ വലിയ തിരുമേനി. പരിശുദ്ധ അഫ്രേം പാത്രിയർക്കീസ് ബാവായിൽനിന്ന് ëവിശ്വാസസംരക്ഷകൻÍ എന്ന ബഹുമതി പ്രാപിച്ചു. പരിശുദ്ധ പരുമല തിരുമേനിയുടെ ശിഷ്യനായിരുന്ന പരിശുദ്ധ പിതാവ് ഗുരുവിനെപ്പോലെതന്നെ പ്രാർത്ഥനാജീവിതത്തിൽ സഭയെ നയിച്ചു. പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിനെതിരെ വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ് പ്രവർത്തിച്ചപ്പോൾ സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി ഏറെ ത്യാഗം സഹിച്ച പുണ്യവാനാണ് ആലുവായിലെ വലിയ തിരുമേനി. ആകമാന സുറിയാനി സഭയുടെ പരാമാദ്ധ്യക്ഷൻ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് കഴിഞ്ഞ സെപ്തംബർ 18–ന് പുറപ്പെടുവിച്ച E 152/2009 കൽപ്പനയിലൂടെ മലങ്കരയിലെ എല്ലാ ദൈവാലയങ്ങളിലും പിതാവിന്റെ നാമം അഞ്ചാം തുബ്ദേനിൽ ഓർക്കുവാൻ കല്പിച്ചു.

## ഒക്ടോബർ മാസത്തിൽ ഓർമിക്കാൻ

| | |
|---|---|
| 1 | അറിയിപ്പുകാരനായ മാർ ആദായിയുടെയും മ്ഹീർ ശാബോർ എന്നു പറയപ്പെടുന്ന മാർ അബഹായി സഹദായുടെയും മാർ മൽക്കേയുടെയും ഓർമ്മ. |
| 2 | മോർ ഏലിയ, മോർ ശിമവൂൻ, മോർ ദനഹ, മോർ ഈവാനിയോസ് എന്നിവരുടെ ഓർമ്മ. |
| 3 | മോർ ബസേലിയോസ് യൽദോ മഫ്രിയാനാ (കോതമംഗലം ചെറിയപള്ളി 1685). |
| 4 | ദുമിത്തിയോസ്. |
| 5 | അന്ത്യോഖ്യായുടെ മോർ യൗസേഫ് പാത്രിയർക്കീസ്. |
| 7 | മോർ സർഗീസ്, മോർ ബക്കോസ് എന്നീ സഹദേന്മാരുടെ ഓർമ്മ. |
| 10 | സുവിശേഷകനായ ഫീലിപ്പോസ് |
| 13 | പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ജന്മദിനം. അഖണ്ഡപ്രാർത്ഥന-മഞ്ഞിനിക്കര, ദയറാപള്ളി തൃക്കോതമംഗലം. |
| 14 | അലക്സന്ത്രിയായിലെ മോർ അത്താനാസിയോസ്, അന്ത്യോഖ്യായുടെ മാർ ഗീവറുഗീസ്. |
| 15 | താപസനായ മോർ ഓസ്യായുടെ ഓർമ്മ. |
| 17 | ഹോശയാ പ്രവാചകൻ |
| 18 | ഏവൻഗേലിസ്ഥനായ മോർ ലൂക്കോസ് മ്സബ്റോനോയുടെ ഓർമ്മ. |
| 22 | പരി. മോർ ബസേലിയോസ് ശക്രള്ള ബാവാ (കണ്ടനാട് എ. ഡി. 1764). |
| 23 | അൽഫായിയുടെ പുത്രനായ മോർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ. |
| 28 | ഊർശ്ലേമിലെ മോർ കുറിയാക്കോസ് |

# കുരിശും മാലയും നൽകി

ഡമാസ്കസ്: ആകമാന സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്യോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മണർകാട് വി. മർത്തമറിയം കത്തീഡ്രൽ സഹവികാരിയും യൂത്ത് അസോസിയേഷൻ മുൻപ്രസിഡന്റുമായ ബഹുമാനപ്പെട്ട ആൻഡ്രൂസ് ചിരവത്തറ അച്ചന് കുരിശും മാലയും നൽകി ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ മുളക്കുളം യാക്കോബായ സുറിയാനി പള്ളിയിൽവച്ച് മണർകാട് വി. മർത്തമറിയം കത്തീഡ്രൽ സഹവികാരിയും യൂത്ത് അസോസിയേഷൻ മുൻപ്രസിഡന്റും ആയ ബഹുമാനപ്പെട്ട മാത്യൂസ് വടക്കേടത്തച്ചന് കുരിശും മാലയും നൽകി. ബഹുമാനപ്പെട്ട വൈദീകർക്ക് യൂത്ത് അസോസിയേഷന്റെയും കോലോ സുറിയോയോയുടെയും അഭിനന്ദനങ്ങൾ

# വാർഷികം ആചരിച്ചു

വിശുദ്ധപൗലോസ് മോർ കൂറിലോസിന്റെ വിശുദ്ധ പ്രഖ്യാപനം വാർഷികം ആചരിച്ചു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ മലങ്കര സഭയെ ഉറപ്പിച്ചു നിർത്തിയ പരിശുദ്ധ പരുമല തിരുമേനിയുടെ വൽസല ശിഷ്യനും പരമ സാത്വികനും ജീവിതകാലത്തും ശേഷവും പ്രാർത്ഥനയിലൂടെ അനേകരുടെ ജീവിതക്ലേശത്തിന് ദൈവസന്നിധിയിൽനിന്നു മോചനം നേടിത്തരുന്ന അഭിവന്ദ്യ പൗലോസ് മോർ കൂറിലോസ് പിതാവിനെ പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് വിശുദ്ധനായി പ്രഖ്യാപിച്ചതിന്റെ വാർഷികം പാണമ്പടി വി. മർത്തമറിയം പള്ളിയിൽ 24-ാം തീയതി ആചരിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ്, അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.

# മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനാ

പരിശുദ്ധമായ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ സത്യവിശ്വാസം മലങ്കരയിൽ നിലനിർത്തുവാൻ അവർണ്ണനീയമായ ത്യാഗങ്ങൾ സഹിച്ചുകൊണ്ട് മോർ ബസ്സേലിയോസ് യൽദോ കാതോലിക്കാ ബാവായും അനുയായികളും മലങ്കരയിൽ എത്തിയത്.

1683-ൽ മാർത്തോമ്മാ രണ്ടാമൻ യൗസേപ്പ് എന്ന ഒരു വണിക് ശ്രേഷ്ഠൻ വശം അന്ത്യോഖ്യായുടെ മോറാൻ മോർ അബ്ദേദ്മ്ശീഹാ പ്രഥമൻ പാത്രിയർക്കീസിന് ഒരപേക്ഷകൊടുത്തയച്ചു. അതിൽ മോർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ബാവാ റോമാസഭയിൽനിന്നും മലങ്കര മക്കളെ വിടർത്തി എടുക്കുന്നതിനു സഹിച്ച ത്യാഗങ്ങളെയും യാക്കോബായ വിശ്വാസികളെ വീണ്ടും റോമ്മാ വിശ്വാസത്തിലാക്കുവാൻ പോർച്ചുഗീസുകാർ ചെയ്തുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെയും, കുറിച്ച് വിശദീകരിച്ച ശേഷം മലങ്കരയിൽ സത്യവിശ്വാസം നിലനിർത്തുവാനായി ഒരു മെത്രാപ്പോലീത്തായേയും നാലു മല്പാന്മാരെയും അയച്ചുകൊടുക്കണമെന്നുമായിരുന്നു അപേക്ഷയുടെ ഉള്ളടക്കം. ഈ അപേക്ഷയ്ക്കും പുറമേ അതേ വർഷം തന്നെ മലങ്കരയിൽനിന്നും ഒരു നിവേദക സംഘം മർദ്ദീൻ കുർക്കുമദയറായിൽ പ. പാത്രിയർക്കീസിന്റെ അടുക്കൽ എത്തുകയും മലങ്കരയിൽ സത്യവിശ്വാസവും വി. പത്രോസിൽ നിന്നുള്ള കൈവെയ്പ്പും നിലനിർത്തുവാനായി മേൽപട്ടക്കാരെ അയക്കണമെന്നുള്ള നിവേദനം നടത്തുകയും ചെയ്തു. ആ സമയത്ത് 1684-ൽ പ. പാത്രിയർക്കീസ് ബാവാ വി. മൂറോൻ കൂദാശ ചെയ്യുകയും അതിൽ ഇന്ന് മൂസലിനു സമീപം കറക്കോശ് എന്നു വിളിക്കുന്ന ബാക്കുദയിദാക്കാരനായ കിഴക്കിന്റെ മഫ്രിയാനാ മോർ ബസ്സേലിയോസുയൽദോയും പ. അന്ത്യോഖ്യാ സിംഹാസനത്തിൽ കീഴിലുള്ള ഭൂരിഭാഗം എപ്പിസ്കോപ്പന്മാരും സംബന്ധിക്കുകയും ചെയ്തിരുന്നു. അവർ തിരികെ പോകുന്നതിനു മുമ്പായി പ. പാത്രിയർക്കീസ് മലങ്കരയിലെ സഭയുടെ ശോചനീയമായ അവസ്ഥയെക്കുറിച്ച് വികാര നിർഭരനായി പ്രസ്താവിച്ചു. അപ്പോൾ 90 വയസ്സുള്ള മോർ ബസ്സേലിയോസ് തന്റെ അവിടുത്തെ ഭരണം ഉപേക്ഷിച്ച് ഇടയനില്ലാത്ത ആടുകളെപ്പോലെ കഷ്ടപ്പെടുന്ന മലങ്കരയിലേക്കു പോകുവാൻ ഒരുക്കമാണെന്നറിയിച്ചു. പിതാക്കന്മാരെല്ലാം ഈ മഹാത്യാഗത്തെ പ്രശംസിച്ചു. അനന്തരം മോർ ബസേലിയോസ് തന്റെ ആസ്ഥാനമായ മോർ മത്തായിയുടെ ദയറായിലേക്കു വരികയും മലങ്കരയാത്രയ്ക്കൊരുങ്ങുകയും ചെയ്തു. 1685-ൽ അദ്ദേഹം തന്റെ സഹോദരനായ ജുമആയോടും, മോർ മത്തായി ദയറായിലേക്കും മോർബഹനാം ദയറായിലേക്കും ദയറാക്കാരോടും-അവർ ജോക്കാറമ്പാൻ-മത്തായി റമ്പാൻ-മലങ്കരയിൽ ഭരണസംബന്ധമായി തന്നെ സഹായിക്കുവാനായി മോർ ഈവാനിയോസ് എന്ന പേരിൽ എപ്പിസ്കോപ്പാസ്ഥാനം കൊടുത്ത ബക്കുദൈദാ ഗ്രാമക്കാരനായ ശമ്മോവിന്റെ പുത്രൻ ഹിദായത്തുള്ള ഈവാനിയോസ് എപ്പിസ്കോപ്പാ എന്നിവരുമായി ബസ്രാവഴി പുറപ്പെട്ടു. പക്ഷെ മലങ്കരയിൽ എത്തിയവർ മോർ ബസ്സേലിയോസ് യൽദോ മഫ്രിയാനായും, മത്തായി റമ്പാനും, മാർ ഈവാനിയോസ് എപ്പിസ്കോപ്പായും മാത്രമായിരുന്നുവെന്ന് 1720 ഈലൂൽ (സെപ്റ്റം) 25-ാം തീയതി മാർത്തോമ്മാ നാലാമൻ പാത്രീയർക്കീസുബാവായ്ക്കയച്ച കത്തിൽനിന്നും നാം മനസ്സിലാക്കുന്നു. (ശ്രീമ. പിതാ. 17) മോർ ബസ്സേലിയോസിന്റെ കൂടെ വന്നവർ മോർ ഈവാനിയോസും രണ്ട് അർമ്മിനിയൻ വൈദികരും ഒരു യവനായ വൈദികനുമായിരുന്നുവെന്ന് ഇട്ടൂപ്പ് റൈട്ടർ പറയുന്നത് അന്ത്യോഖ്യാ സിംഹാസനത്തിങ്കലുള്ള മുൻപറഞ്ഞ രേഖയുടെ വെളിച്ചത്തിൽ നിരർത്ഥകമായിപ്പോകുന്നു.

തലശ്ശേരിയിൽ വന്നിറങ്ങിയ മോർ ബസ്സേലിയോസും സഹചരനും, ശത്രുക്കളെ ഭയന്നുവേഷം മാറി ജലമാർഗ്ഗം വരാൻ ധൈര്യപ്പെടാതെ കാടും മേടും കടന്നു കോതമംഗലത്തു വന്നുചേരുകയാണുണ്ടായത്. കോതമംഗലം അക്കാലത്തു പാണ്ടിയുമായുള്ള ഒരു പ്രധാന വാണിജ്യകേന്ദ്രമായിരുന്നതിനാൽ മലമ്പാതകൾ ഉണ്ടായിരുന്നു. കന്നി 14-ാം തീയതി സ്ലീബാ പെരുന്നാൾ ദിവസം മോർ ബസ്സേലിയോസ്, മോർ ഈവാനിസ് ഹിദായത്തുള്ള എപ്പിസ്കോപ്പായെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തി. കോതമംഗലത്തെത്തിയതിന്റെ 13-ാം ദിവസം, കന്നി 20-ാം തീയതി വയോവൃദ്ധനായിരുന്ന മഫ്രിയാനാ കാലം ചെയ്തു. ചെറിയ പള്ളിയിൽ കബറടക്കപ്പെട്ടു. പരിശുദ്ധനായ ആ അന്ത്യോഖ്യൻ പിതാവിന്റെ കബറിടം 300 വർഷത്തോളമായിട്ടും സുപ്രധാന തീർത്ഥാടന കേന്ദ്രമായി നിലകൊള്ളുന്നു.

# നെച്ചൂർപള്ളി

## മെത്രാൻകക്ഷിയുടെ കേസ് തള്ളി

നെച്ചൂർ സെന്റ് തോമസ് പള്ളിയിൽ കുർബ്ബാന അർപ്പിക്കുവാൻ അവകാശം തുടരാൻ അനുവദിക്കണമെന്നുള്ള മെത്രാൻകക്ഷിയുടെ ആവശ്യം കേരളാഹൈക്കോടതി തള്ളി. മെത്രാൻകക്ഷിയുടെ അപ്പീൽ നിരസിച്ച വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിക്കാൻ സാവകാശം വേണമെന്നും, സ്റ്റാറ്റസ്കോ അനുവദിക്കണം എന്നീ ആവശ്യങ്ങളാണ് ജസ്റ്റീസ് വി. രാംകുമാർ തള്ളിത്. മഹാഭൂരിപക്ഷം യാക്കോബായക്കാർക്കാണ് പള്ളിയിൽ അധികാരം എന്ന എറണാകുളം അഡീഷണൽ കോടതിയുടെ ഉത്തരവിനെതിരെയാണ് മെത്രാൻകക്ഷിക്കാർ കോടതിയെ സമീപിച്ചത്.

കേസ് വാദം കേൾക്കുന്നതിനിടയിൽ യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള വ്യവഹാരം ദുഃഖകരവും അപമാനകരവുമാണെന്നും കോടതി അഭിപ്രായപ്പെട്ടു. നൂറുകൊല്ലമായി കേസ് നടത്തുന്ന ഞങ്ങളെ നേരേയാക്കുവാൻ ഒരു കോടതിക്കും സാധിക്കില്ല. കാരണം പീലാത്തോസിന്റെ കോടതിയിൽ തോറ്റവനെ ഞങ്ങൾക്കു ഭയമില്ല.

ഇതിനിടയിൽ യാക്കോബായ സഭയുടെ മറ്റുചില പള്ളികൾക്കെതിരെയും കേസുമായി മെത്രാൻകക്ഷിക്കാർ രംഗത്തെത്തി. വ്യവഹാരങ്ങൾക്കായി ചിലവിടുന്ന പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ സഭകൾ തയ്യാറാവണം. 1995-ൽ സുപ്രീംകോടതിയിൽ സഭയുടെ കേസ് വിസ്താരം നടക്കുമ്പോൾ ബഹു. കോടതി ചോദിച്ചു ക്രൈസ്തവമായ രീതിയിൽ ഈ തർക്കം തീർക്കരുതോ? എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ മെത്രാൻകക്ഷികൾ ഒരു രീതിയിലും ഒത്തുതീർപ്പിന് തയ്യാറല്ല. കോടതിക്കു പുറത്ത് ഒരു ചർച്ചയ്ക്കും സമാധാനത്തിനും തങ്ങൾ തയ്യാറല്ലായെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ദിനംപ്രതി വ്യത്യസ്തമായ വാദമുഖങ്ങൾ തുറന്നുകൊണ്ട് കോടതി വരാന്തവഴി നിരങ്ങുകയുമാണ്.

# മൊബൈൽഫോൺ ഗുണവും ദോഷവും

ആബൂൻ

വാർത്താവിനിമയ രംഗത്ത് മൊബൈൽ ഫോൺ ഉപയോഗം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അത്യാധുനിക സംവിധാനങ്ങൾ ഉള്ള മൊബൈൽ ഫോണുകൾ ഇന്നു മാർക്കറ്റിൽ സുലഭമാണ്. ക്യാമറ, വീഡിയോ, റേഡിയോ, എം. പി.3., ബ്ലൂടൂത്ത്, ഇൻഫ്രാറെഡ്, ഇന്റർനെറ്റ്, മെമ്മറി എന്നീ സൗകര്യമുള്ള ഫോണുകൾ ആശയവിനിമയ മാധ്യമം എന്നതിലുപരി മുതിർന്നവരുടെ ബോറടി മാറ്റുവാനും ചെറുപ്പക്കാരുടെ രഹസ്യ സൂക്ഷിപ്പുകാരനായും കുട്ടികളുടെ കളിപ്പാട്ടമായും തീർന്നിരിക്കുന്നു. ഇൻഡ്യയിലെ ഔദ്യോഗിക കണക്കുകൾ പ്രകാരം നമ്മുടെ രാജ്യത്ത് 27.7 കോടി മൊബൈൽ ഫോൺ ഉപഭോക്താക്കളാണുള്ളത്. 2010 ആകുമ്പോഴേക്കും ഇത് 50 കോടി കവിയുമെന്ന് കണക്കുകൾ പറയുന്നു. സർക്കാരും സ്വകാര്യ കമ്പനികളും നിരക്കുകളിൽ വൻ ഇളവുകൾ നൽകിയും ആകർഷണീയമായ വാഗ്ദാനങ്ങൾ നൽകിയും ഉപഭോക്താക്കളെ വർദ്ധിപ്പിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യം മൂലം അനേക വ്യവസായ സ്ഥാപനങ്ങൾ വൻഭീഷണി നേരിടുമ്പോൾ മൊബൈൽ കമ്പനികൾ മാത്രമാണ് ലാഭം കൊയ്യുന്നത്. എന്നാൽ അണുവായുധം വർഷിച്ചതുമൂലം ഹിരോഷിമയിലും നാഗസാക്കിയിലും ഉണ്ടായതിനേക്കാൾ ദൂരവ്യാപകമായ വൻവിനാശം ഫോണിന്റെ ഉപയോഗംമൂലം ഉണ്ടാകുമെന്നുള്ള നഗ്നസത്യം ഉത്തരവാദിത്വപ്പെട്ടവർ ബോധപൂർവ്വം കണ്ടില്ലെന്നു നടിക്കുന്നു. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മനുഷ്യനെ വിവിധ നിലകളിൽ ബാധിക്കുന്നു.

### ശാരീരിക പ്രശ്നങ്ങൾ

മൊബൈലിന്റെ മാഗ്നറ്റിക് റേഡിയേഷൻ തുടർച്ചയായി ഏൽക്കുന്നതുകൊണ്ട് പല ശാരീരിക പ്രശ്നങ്ങളും ഉണ്ടാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഓർമ്മക്കുറവ്, തലവേദന, പലവിധ അലർജി, ചർമ്മരോഗങ്ങൾ, വന്ധ്യത എന്നിവ ഉണ്ടാകുന്നതായി കണ്ടുവരുന്നു. ശക്തിയേറിയ റേഡിയോ ആക്റ്റിവിറ്റി വൈദ്യുത കാന്തീക വികിരണങ്ങൾ ഒരു മൈക്രോവേവ് ഓവൻ പദാർത്ഥങ്ങളെ ചൂടുപിടിപ്പിക്കുന്നതുപോലെ മനുഷ്യശരീരകോശങ്ങളെ ചൂടുപിടിപ്പിക്കാൻ കഴിവുള്ളതാണ്. കാലക്രമത്തിൽ ശരീരോഷ്മാവ് കൂടുകയും അർബുദ സാധ്യത 4.63 ഇരട്ടി വർദ്ധിക്കുകയും ചെയ്യും. കൂടാതെ ഈ വികിരണങ്ങൾ ശരീരത്തിലെ ഫ്രീ റാഡിക്കലുകളുടെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തി ക്യാൻസറിനും ആർട്ടീരിയോ സ്ക്ലീറോസിസിനും പാർക്കിൻസൺസിനുമൊക്കെ കാരണമാകുന്നു.

അമിത മൊബൈൽ ഫോൺ ഉപയോഗിക്കുന്ന കുട്ടികളുടെ നാഡി ഞരമ്പുകളുടെ പ്രവർത്തനം തകരാറിലാകുകയും തലയോട്ടിയുടെ വലിപ്പം കൂടുകയും ചെയ്യുന്നു. മൈക്രോവേവ് റേഡിയേഷൻ തലച്ചോറിലേക്കു ഇറങ്ങിയതുമൂലം കുട്ടികളിൽ അപകടത്തിന്റെ തോത് വർദ്ധിക്കുന്നു. മൊബൈൽ ഫോൺ ഷർട്ടിന്റെ പോക്കറ്റിൽ സൂക്ഷിക്കുന്നത് നിമിത്തം ഹൃദയത്തിന്റെ താളം തെറ്റുകയും അത് ഹൃദയസ്തംഭനത്തിനും വന്നവർക്ക് വീണ്ടും വരുവാനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### മാനസികപ്രശ്നങ്ങൾ

തുടർച്ചയായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരിൽ കണ്ടുവരുന്ന ഒരു മാനസികവിഭ്രാന്തിയാണ് റിങ്ങ് ടോൺ ആംങ്ങ്സൈറ്റി. മൊബൈൽ ഫോൺ ബെല്ലടിക്കുന്നു എന്നുള്ള തോന്നലാണ് ഇത്. റേഡിയേഷന്റെ ഫലമായി ഡി. എൻ. എ. തന്മാത്രകൾക്ക് നാശം സംഭവിക്കുകയും ഓർമ്മക്കുറവ്, ഉറക്കമില്ലായ്മ, മറ്റ് മാനസിക അസ്വാസ്ഥ്യങ്ങൾ എന്നിവയ്ക്കും ഇത് കാരണമാകുന്നു.

ഗർഭാവസ്ഥയിൽ മൊബൈൽ ഫോൺ അമിതമായി ഉപയോഗിക്കുന്ന സ്ത്രീക ൾക്ക് ഉണ്ടാകുന്ന കുട്ടികൾക്ക് സ്വഭാവവൈകല്യം പ്രകടമാണ്. വിഭ്രാന്തി, പെട്ടെന്നു സങ്കടം വരിക, ക്ഷിപ്രകോപം, പെരുമാറ്റവൈകല്യം എന്നിവയെല്ലാം ഇത്തരം കുട്ടികളിൽ കൂടുതലായിരിക്കും.

### സാമൂഹിക കാരണങ്ങൾ

മനുഷ്യന്റെ വേഗതയേറുന്ന അനുദിന ജീവിതത്തിന് മൊബൈൽഫോൺ അത്യന്താപേക്ഷിതമാണ്. എന്നാൽ അത് ഏറ്റവും കൂടുതൽ ദുരുപയോഗം ചെയ്യപ്പെടുന്നു. ഇതിന്റെ ഇരകളായിത്തീരുന്നതോ സ്കൂൾ, കോളജ് വിദ്യാർത്ഥികളും, യുവതലമുറയും.

ഇൻഡ്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ സ്ത്രീപീഡനം, തട്ടിക്കൊണ്ടുപോകൽ, വിദ്യാർത്ഥികളുടെ തിരോധാനം, ആത്മഹത്യ, ഒളിച്ചോട്ടം, അനാശാസ്യപ്രവർത്തനം, ബ്ലാക്മെയിൽ എന്നിവയുടെയെല്ലാം പിന്നിലെ പ്രധാനവില്ലൻ മൊബൈൽ ഫോണാണ്. ചെറിയ പരിചയപ്പെടലുകളും സൗഹൃദങ്ങളും നർമ്മം തുളുമ്പുന്ന സംഭാഷണങ്ങളും അകലുവാൻ കഴിയാത്ത വലിയ ബന്ധങ്ങളായി വളരുന്നു. നിരന്തരസംഭാഷണങ്ങളിലൂടെ പ്രലോഭനങ്ങളിൽ വീഴുകയും ഒരിക്കലും രക്ഷപ്പെടുവാൻ കഴിയാത്ത നാശങ്ങളിൽ ചെന്ന് അവസാനിക്കുകയും ചെയ്യും.

മൊബൈൽ ഫോണിലെ അത്യാധുനിക സാങ്കേതിക വിദ്യകളിൽ അശ്ലീലചിത്രങ്ങൾ പകർത്തിയും ഇന്റർനെറ്റിൽ നിന്നും ചിത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഫോണിൽ പകർത്തിയും അവ രഹസ്യമായി സൂക്ഷിക്കുന്നു. ഇത് പിന്നീട് തെറ്റായ പല പ്രചോദനത്തിനും കാരണമാകുന്നു. ദൈവത്തിന്റെ വിശിഷ്ട ദാനമായ ലൈംഗീകതയെ വൈകൃതങ്ങളിലൂടെ പൈശാചീകവും നികൃഷ്ടവുമാക്കി തീർക്കുന്നു. ദൈവസഭയുടെ നാളെയുടെ വാഗ്ദാനമായ യുവതലമുറയിൽ സിംഹഭാഗവും ഇതിന് അടിമപ്പെട്ടിരിക്കുന്നു. ദൈവമക്കളായ പലരുടെയും കുടുംബജീവിതത്തിന്റെ അടിത്തറയ്ക്ക് മൊബൈൽ ഫോണിന്റെ തെറ്റായ ഉപയോഗം നിമിത്തം ഇളക്കം തട്ടിയിരിക്കുന്നു. ആത്മീയ ആരാധന ഇവർക്ക് വെറും പ്രഹസനങ്ങൾ മാത്രമാണ്. യഥാർത്ഥ ആത്മീയ അനുഭവത്തിലൂടെ രക്ഷിക്കപ്പെട്ടവരുടെ തലമുറകൾക്ക് ഇന്ന് ആത്മീയവും വിശുദ്ധ കുർബ്ബാനയും വെറും അഭിനയമായിത്തീർന്നിരിക്കുന്നു. ആരാധനയ്ക്കും കൂട്ടായ്മകൾക്കും എത്തുന്ന ഇവർ മൊബൈൽ ഫോൺ എടുത്ത് മിസ്ഡ്കോൾ ചെയ്തും എസ്. എം. എസ്. അയച്ചും ശബ്ദം താഴ്ത്തി സംസാരിച്ചും ഗെയിം കളിച്ചും മറ്റുള്ളവരുടെ ശ്രദ്ധ തെറ്റിച്ചും സമയം ചെലവഴിക്കുന്നു. ദൈവാലയത്തിൽ വായിക്കുകയും പ്രസംഗിക്കപ്പെടുകയും ചെയ്യുന്ന ജീവന്റെ വചനങ്ങൾക്ക് ഇവർ യാതൊരു വിലയും കല്പിക്കുന്നില്ല. ആരാധന മദ്ധ്യേ ഫോണിൽ സംസാരിക്കുവാൻ ഒരു വിമുഖതയുമില്ല. മാതാപിതാക്കളുടെ അറിവു കൂടാതെയോ അവരുടെ മൗനസമ്മതത്തോടുകൂടിയോ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന യുവജനങ്ങളുടെ ആത്മീയ ജീവിതത്തിനും പെരുമാറ്റങ്ങൾക്കും പ്രകടമായ വ്യത്യാസം വന്നു. മാത്രമല്ല, സഭാശുശ്രൂഷകന്മാരുമായുള്ള ആത്മീയ ബന്ധത്തിന് അകലം പാലിക്കുകയും ചെയ്യുന്നു. ഇതു പിന്നീട് ദൈവവചനത്തിൽനിന്നും സഭയിൽനിന്നും അവസാനം ക്രിസ്തുവിൽനിന്നും സാവധാനം അകലുവാൻ കാരണമാകുന്നു.

പുതിയ തലമുറ ഈ നിലയിൽ മുൻപോട്ടുപോയാൽ അവർ മാരകരോഗങ്ങൾക്ക് അടിമകളാകുകയും ദൈവത്തിൽ നിന്നും വേർപെട്ട് വഷളായിത്തീരുകയും ചെയ്യും എന്നതിൽ തർക്കമില്ല. ഈ കാര്യത്തിൽ സഭാശുശ്രൂഷകരും മാതാപിതാക്കളും വീട്ടിലെ മുതിർന്നവരും ശ്രദ്ധാലുക്കളാകണം, വിദ്യാർത്ഥികളായ മക്കൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിൽ നിന്നും അവരെ നിരുത്സാഹപ്പെടുത്തി പിന്തിരിപ്പിക്കുകയും അവർക്കുവരുന്ന ഫോൺകോളുകളും അവരുടെ പുറത്തുള്ള ബന്ധങ്ങളും അന്വേഷിക്കുകയും ചെയ്യണം. നമ്മുടെ തലമുറകൾ നിമിത്തം ദൈവനാമം ദേശത്ത് ദുഷിക്കപ്പെടരുത്. ഇരുട്ടിന്റെ നിഷ്ഫല പ്രവൃത്തികൾക്ക് കൂട്ടാളികളാകാതെ അവയെ തിരിച്ചറിഞ്ഞ് ശാസിച്ചകറ്റാനുള്ള ദൈവകൃപ നമ്മുടെ തലമുറകൾക്ക് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുകയും ജാഗ്രതയുള്ളവരായിരിക്കുകയും ചെയ്യുക. അതുകൊണ്ട് മൊബൈൽ ഫോണിന്റെ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് ഉപയോഗിക്കുക. അതും അത്യാവശ്യത്തിനുമാത്രം.

## ക്രിസ്തുമസ് ആഘോഷം ഒരുക്കങ്ങൾ തുടങ്ങി

മണർകാട്: വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന സംയുക്ത ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ഒരുക്കങ്ങൾ തുടങ്ങി. ഡിസംബർ 23-ാം തീയതി നടക്കുന്ന ക്രിസ്തുമസ് ആഘോഷങ്ങൾക്ക് അഭിവന്ദ്യ തിരുമേനിമാർ, ബഹുമാനപ്പെട്ട വൈദീകർ, മറ്റ് പ്രമുഖർ എന്നിവർ നേതൃത്വം നൽകും. ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ച് 23-ാം തീയതി ക്രിസ്മസ് ട്രീ, പുൽക്കൂട്, സാന്താക്ലോസ് മത്സരങ്ങളും ഉണ്ടായിരിക്കുന്നതാണ്.

പരിപാടികളിൽ പങ്കെടുക്കുവാനും, സമ്മാനങ്ങൾ സ്പോൺസർ ചെയ്യുവാനും ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ പ്രവർത്തകരുമായി ബന്ധപ്പെടുക. ഫോൺ: 9496801251, 9745618678

## പുതുവത്സര ശുശ്രൂഷ

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പുതുവത്സര ശുശ്രൂഷയ്ക്ക് കണ്ടനാട് ഭദ്രാസനാധിപനും യൂത്ത് അസോസിയേഷൻ മുൻ പ്രസിഡന്റുമായ അഭി. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മുഖ്യ കാർമ്മികത്വം വഹിക്കുന്നതാണ്.

## പിറവം പള്ളിയിൽ സംഘർഷം

പിറവം വലിയ പള്ളിയിൽ മെത്രാൻകക്ഷികൾ ആക്രമം അഴിച്ചുവിട്ടു. സമാധാനപരമായി ആരാധന നടന്ന ദൈവാലയത്തിൽ മെത്രാൻകക്ഷിഗുണ്ടകളുടെ നേതൃത്വത്തിൽ ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരുന്നു. കഴിഞ്ഞവർഷം ഒക്ടോബർ 19-ന് മെത്രാൻകക്ഷി ഗുണ്ടകളുടെ സഹായത്തോടെ കുരിശുപള്ളിയുടെ വാതിൽതകർത്ത് മെത്രാൻകക്ഷി കാതോലിക്കാ പ്രവേശിച്ചതിന്റെ ഒന്നാം വാർഷികത്തിന്റെ നോട്ടീസ് വിതരണം ചെയ്യാൻ എന്ന ഭാവത്തോടെയാണ് ഗുണ്ടകൾ പള്ളിയിൽ എത്തിയത്.

മെത്രാൻകക്ഷി ഗുണ്ടാ അക്രമത്തിൽ യാക്കോബായ വിശ്വാസികൾ ടൗണിൽ പ്രതിഷേധ യോഗം നടത്തി കണ്ടനാട് ഭദ്രാസനത്തിന്റെ മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത വിശ്വാസ സംരക്ഷണ സമിതിയുടെ ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത, വികാരിമാരായ സൈമൺ ചെല്ലിക്കാട്ട് കോർഎപ്പിസ്കോപ്പ ഫാ. റോയി മേപ്പാടം എന്നിവർ പ്രസംഗിച്ചു.

## ദുഖ്റോനോ



**അഭിവന്ദ്യ മോർ യൂലിയോസ് യേശു ശീശക്ക്**

**ഒക്ടോബർ 29**



ദമസ്കസിൽ എത്തിയ ബഹു. ആൻഡ്രൂസ് ചിരവത്തറ അച്ചൻ പരി. പാത്രിയർക്കീസ് ബാവായിൽ നിന്നും അനുഗ്രഹം പ്രാപിക്കുന്നു.



പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ 27-ാമത് സ്ഥാനാരോഹണ വാർഷികത്തോടനുബന്ധിച്ച് ബാവാ കേക്ക് മുറിക്കുന്നു.

## കോർ എപ്പിസ്ക്കോപ്പ സ്ഥാനം നൽകി



മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ സഹവികാരി ബഹു. കറുകയിൽ കുറിയാക്കോസ് അച്ചന് ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കോർ-എപ്പിസ്കോപ്പാ സ്ഥാനം നൽകി. പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ സെപ്തംബർ 10-ന് നടന്ന ചടങ്ങിൽ അനേകം വൈദീകരും ഭക്തജനങ്ങളും പങ്കെടുത്തു. യൂത്ത് അസോസിയേഷൻ മുൻ പ്രസിഡന്റുകൂടിയായ ബഹുമാനപ്പെട്ട അച്ചന് യൂത്ത് അസോസിയേഷന്റെ എല്ലാവിധ മംഗളാശംസകളും നേരുന്നു.



യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന ക്യാമ്പ് സമാപന സമ്മേളനം വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ ബഹു. പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് സമീപം

## ജന്മദിനാശംസകൾ



**അഭിവന്ദ്യ ഗീവറുഗീസ് മോർ അത്താനാസിയോസ്**

**ഒക്ടോബർ 12**

# കലോത്സവം



കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ ബാലകലോത്സവം ഉദ്ഘാടനം മണർകാട് കത്തീഡ്രൽ വികാരി വെരി. റവ. ഇ. റ്റി. കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ നിർവ്വഹിക്കുന്നു. ഫാ. ബാബു വർഗീസ്, ഡീക്കൻ വിബിൻ, ഫാ. എബി കുറിച്ചിമല, മണർകാട് ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ഫാ. മാത്യു എം. ബാബു, ഭദ്രാസന സെക്രട്ടറി സന്ദീപ് ജോർജ്, സൺഡേസ്കൂൾ ഭദ്രാസന ഡയറക്ടർ ഫാ. ജോസി ഏബ്രഹാം അട്ടച്ചിറ എന്നിവർ സമീപം.

## വൈദീകപട്ടം നൽകി



തൊടുപുഴ: മുളപ്പുറം തറയാനിൽ ബോബി ശെമാശ്ശന് അഭിവന്ദ്യ മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് സെപ്റ്റംബർ 10-ാം തീയതി മുളപ്പുറം സെന്റ് ജോർജ് പള്ളിയിൽവെച്ച് വൈദീകപട്ടം നൽകി. കോലോ സുറിയോയോയിൽ ബഹു. അച്ചന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് , യൂത്ത് അസോസിയേഷന്റെ അഭ്യുദയകാംക്ഷിയുമാണ് ബഹുമാനപ്പെട്ട അച്ചൻ. സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയും രാമപുരം സെന്റ് അഗസ്റ്റിൻ കോളേജിൽ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. നമ്മുടെ കർത്താവ് വി. കുർബ്ബാന സ്ഥാപിച്ച ആദിമ സഭ പെന്തക്കോസ്തി നാളിൽ സമ്മേളിച്ച ഊർശ്ലേമിലെ മർക്കോസിന്റെ ദയറാ (സെഹിയോൻ മാളിക) യിൽ മൂന്ന് മലങ്കരക്കാർ കബറടങ്ങിയിട്ടുണ്ട്. പുലിക്കൂട്ടിൽ യാക്കോബ് കശീശ, തറയാനിൽ മത്തായി കശീശ, മട്ടാഞ്ചേരി ശെമ്മാശൻ ഇവരിൽ തറയാനിൽ മത്തായി കശീശയുടെ സഹോദരന്റെ മകന്റെ കൊച്ചുമകനാണ് ബഹുമാനപ്പെട്ട അച്ചൻ. ദയറാപട്ടക്കാരൻ ആയ ബഹുമാനപ്പെട്ട അച്ചന്റെ സ്ഥാനലബ്ദിയിൽ യൂത്ത് അസോസിയേഷന്റെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ



ഭദ്രാസന സണ്ടേസ്കൂൾ ബാലകലോത്സവത്തിൽ മാർഗം കളിയിൽ രണ്ടാം സ്ഥാനവും മണർകാട് ഡിസ്ട്രിക്ടിൽ ഒന്നാം സ്ഥാനവും നേടിയ മണർകാട് സെൻട്രൽ സണ്ടേസ്കൂൾ ടീം.



അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനിക്ക് കോലോ സുറിയോയോയുടെ കോപ്പി യൂത്ത് അസോസിയേഷൻ പ്രസിഡന്റ് ഫാ. കുറിയാക്കോസ് കാലായിൽ നൽകുന്നു.

# വിവാഹിതരായി



മണർകാട് വെട്ടിക്കുന്നേലായ പടിഞ്ഞാറെപ്പുറത്ത് ഇട്ടി ഏബ്രഹാമിന്റെയും അന്നമ്മയുടെയും മകൻ സനീഷും ഈസ്റ്റ് മാറാടി ഉളിയനാൽ വർഗീസിന്റെയും ഏലിയാമ്മയുടെയും മകൾ റിനിയും മണർകാട് വി. മർത്തമറിയം കത്തീഡ്രലിൽവച്ച് വിവാഹിതരായി. അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത ആശീർവ്വദിച്ചു.



മണർകാട് ആണ്ടൂപറമ്പിൽ പരേതനായ ഫിലിപ്പ് ചാക്കോയുടെയും ലീലാമ്മ ഫിലിപ്പിന്റെയും മകൻ അനുവും പാമ്പാടി കിഴക്കേവെള്ളിൽ പരേതനായ ജോസഫ് തോമസിന്റെയും സൂസൻ ജോസഫിന്റെ മകൾ ആനിയും മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽവെച്ച് വിവാഹിതരായി.



മണർകാട് ഡിസ്ട്രിക്ട് സണ്ടേസ്കൂൾ ബാലകലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ മണർകാട് സെൻട്രൽ സണ്ടേസ്കൂൾ ടീം.

# വെളിച്ചമേ നയിച്ചാലും

**സി.കെ. ഏബ്രഹാം, മാലം**

എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കേണ്ടതിനു വെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. വെളിച്ചത്തിനു സാക്ഷിയായി, ദൈവപുത്രനു മുന്നോടിയായി വന്ന യോഹന്നാൻ മാബ്ദോന ലോകത്തോട് വിളിച്ചുപറഞ്ഞ സത്യം. ലോകത്തിനു പകൽ വെളിച്ചം പകരേണ്ടതിനു സൂര്യനെയും രാത്രിയിൽ വെളിച്ചം നൽകുവാൻ ചന്ദ്രനെയും സൃഷ്ടിച്ച് തന്റെ വാക്കിനാൽ ഉരുവാക്കി യഥാസ്ഥാനങ്ങളിൽ സ്ഥാപിച്ചു. ഒരിക്കലും ചുരുങ്ങാതെയും മങ്ങാതെയും തെളിഞ്ഞ് ശക്തിയോടെരിഞ്ഞ് പ്രകാശിക്കേണ്ടതിന് തീക്ഷ്ണപ്രകാശവും മഹനീയ തേജസ്സും സൂര്യനു നൽകി. എന്നാൽ കാർമേഘപടലങ്ങളുടെ അധികരിച്ച സാന്നിധ്യം മനുഷ്യന് സൂര്യപ്രകാശത്തിന്റെ മങ്ങൽ അനുഭവപ്പെടാൻ തുടങ്ങി. വെളിച്ചം കുറഞ്ഞു മൂടൽ പരന്നു ചൂടും കുറഞ്ഞു.

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിലാകാതെ ജീവന്റെ വെളിച്ചം ഉള്ളവനായിരിക്കും (യോഹ. 8:12). ക്രിസ്തുവിന്റെ നാമം വിളിക്കപ്പെട്ടവരായ നാം സകല മനുഷ്യർക്കും വെളിച്ചത്തെ പ്രദാനം ചെയ്ത് ജീവിക്കുവാൻ ഉടയവനാഗ്രഹിക്കുന്നു. വി. മാമോദീസായിലൂടെ സാക്ഷാൽ മുന്തിരിവള്ളിയോടു ചേർന്ന് ഒട്ടിച്ച് തിരുശരീരരക്തങ്ങളാകുന്ന വി. കുർബ്ബാന അനുഭവത്താൽ ക്രിസ്തു നമ്മുടെ ഉള്ളിലായി വി. മൂറോൻ അഭിഷേകത്താൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരായി സത്യവെളിച്ചത്തിൽ നിന്നും ലഭിച്ച കൃപയുടെ ശക്തിയിൽ എരിഞ്ഞ് പ്രകാശിക്കേണ്ടവരാണ് നാം.

കാർമേഘപടലങ്ങളാൽ സൂര്യന്റെ പ്രകാശത്തിനും ചൂടിനും മനുഷ്യനു മങ്ങൽ അനുഭവപ്പെടുന്നതുപോലെ പാപാന്ധകാരജീവിതവും പൈശാചിക കൂട്ടുകെട്ടും. തിരുവെളിച്ചത്തിന് മങ്ങൽ ഏൽക്കുവാൻ കാരണമായി. നിങ്ങളുടെ വെളിച്ചം ഇരുളിൽ പ്രകാശിക്കണമെന്ന് സ്വന്ത ജീവിതം കൊണ്ട് അരുമനാഥനായ ക്രിസ്തു മാതൃകകാട്ടിയത് മനസ്സിലാക്കുവാൻ വൈകരുത്. ക്രിസ്തുവിന് അനുകാരികളാകുവാൻ മടിക്കരുത്. വെളിച്ചമോ വെളിച്ചത്തിന്റെ മഹത്വമോ അറിയാൻ ഭാഗ്യമില്ലാതിരുന്ന പിറവിക്കുരുടനു കാഴ്ച കൊടുത്താണ് കർത്താവ് മാതൃക കാട്ടിയത്. അന്ധകാരത്തിന്റെ അധീനതയിലേക്ക്, പാപത്തിന്റെ ചെളിക്കുണ്ടിലേക്ക്, ദുസ്വഭാവങ്ങളുടെ ആഴത്തിലേക്ക്, അന്യായപാതയിലേക്ക്, അന്യരാൽ ആകർഷിക്കപ്പെട്ട് അനുദിനം, അനുനിമിഷം നിത്യജീവന്റെ അവകാശാനുഭവങ്ങളിൽ നിന്നും വഴുതി മാറി നിത്യ ശിക്ഷാവിധിക്കു വിധേയരായി നിത്യാഗ്നിയിൽ നിപതിക്കുന്ന അനേക അനുഭവങ്ങൾ നമ്മുടെ ഇടയിൽ കാണുന്നു. നാമാരും തന്നെ ആയതിലേക്കോ അനുഭവസ്ഥരോ ആകരുത്. ജീവന്റെ വെളിച്ചം വാഗ്ദത്തത്താൽ പ്രാപിച്ച ക്രിസ്ത്യാനിക്ക് ആയത് ഭൂഷണമല്ല, അതുകൊണ്ട് നിങ്ങളുടെ അര കെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ (ലൂക്കോ. 2:35)

കർത്താവിന്റെ വെളിച്ചത്തിൽ നടക്കുന്നവൻ സത്യം അരക്കെട്ടായി സ്വീകരിച്ച് സത്യമാകുന്ന ദൈവത്തിൽ ഉറപ്പുള്ളവരായി സത്യം അനുവർത്തിക്കുന്നവരാകണം. വാക്കിലും നോട്ടത്തിലും നടപ്പിലും കേൾവിയിലും ഇരിപ്പിലും കിടപ്പിലും ആത്മീകവും ഭൗമീകവുമായ സകല ഇടപാടുകളിലും വാസ്തവമായും, സത്യഅടിസ്ഥാനത്തോടു കൂടിയായിരിക്കണം. സ്വാർത്ഥത കൈ മുതലാക്കി സ്വന്തനേട്ടങ്ങൾക്കായി സ്വയം വഞ്ചിച്ചും അപരനെ വഞ്ചിതരാക്കിയും അസത്യവാദികളായി കഴിയുന്നവൻ വെളിച്ചത്തിന്റെ മക്കളാകുകയില്ല. ദൈവജനത്തിന്റെ കനാനിലേക്കുള്ള പ്രയാണത്തിൽ ആഖോർ താഴ്‌വര നിശ്ചല ദൃഷ്ടാന്തമായി നിലകൊള്ളുന്നു. ചൂഷണവും മോക്ഷണവും ദ്രവ്യാഗ്രഹവും അന്യന്റെ മുതൽ സ്വന്തമാക്കുവാൻ സത്യമല്ലാത്ത നിഗൂഢപ്രവർത്തനങ്ങളിലൂടെ ദൈവത്തെ കോപിപ്പിച്ച് ദൈവത്തിന്റെ പ്രവാചകനെയും ദൈവജനത്തെയും വഞ്ചിച്ച് അന്യായം പ്രവർത്തിച്ച് മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട ആഖാന്റെ ദോഷപ്രവർത്തിയും അതിന്റെ പ്രത്യാഘാതവും ഓർമ്മിക്കുവാനാണ് ആഖോർ താഴ്‌വര ഉളവായത്. സത്യവിശ്വാസികളായ നമ്മുടെ ഈ മരുപ്രയാണത്തിൽ ഒരാഖോർ താഴ്‌വര നമ്മുടെ ജീവിതവും പ്രവർത്തിയും മുഖാന്തിരം ഉളവാകുന്നുവെങ്കിൽ നമ്മുടെ വിളക്ക് ജ്വലിച്ച് നിൽക്കയില്ല പ്രത്യുത വെളിച്ചമാകുന്ന ക്രിസ്തുവിൽ നിന്നും അകന്ന് ഇരുട്ടിന്റെ മക്കളായി ശിക്ഷാർഹരായി തീരും. ആകയാൽ നിന്നിലുള്ള വെളിച്ചം ഇരുളാകാതിരിപ്പാൻ സൂക്ഷിപ്പിൻ (ലൂക്കോ 11:35)

അന്ധകാരത്തിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വി. വംശവും സ്വന്തജനവുമായിരിക്കുന്ന നാം നമ്മുടെ യഥാർത്ഥ ചുമതല നിറവേറ്റി വെളിച്ചത്തിന്റെ മക്കളായിരിപ്പാൻ കർത്താവാഗ്രഹിക്കുന്നു. സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം (എഫെ. 5:10) സ്വന്തതാല്പര്യമോ ലാഭേച്ഛയോ കൂടാതെ സമസൃഷ്ടിക്കു നന്മയുണ്ടാകുവാൻ, അപരനു ആശ്വാസം പകരുവാൻ കണ്ണുനീർ ഒപ്പുവാൻ വിശപ്പ് അകറ്റുവാൻ ദാഹം ശമിപ്പിക്കുവാൻ സമാശ്വസിപ്പിക്കുവാൻ കഴിഞ്ഞാൽ സത്ഗുണത്തിന്റെ വഴിയിൽ നാം ആയി എന്ന് ആശ്വസിക്കാം. എന്റെ പിതാവ് സൽഗുണപൂർണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണരാകുവിൻ എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്തു.

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ കാൽവരിയിൽ തകർത്ത് പുത്രന്റെ ചുടുനിണം സൃഷ്ടികളുടെ വീണ്ടെടുപ്പിനായി മറുവില നൽകുവാൻ തക്കവണ്ണം പാപികളായ നമ്മെ, പാപിയായ എന്നെ സ്നേഹിച്ചു. സദ്ഗുണത്തിന്റെ ഉത്തമ ഉദാഹരണം അകലെയുള്ള സ്കൂളിലേക്ക് രാവിലെ കടന്നുപോയി ഉച്ചഭക്ഷണം കഴിക്കാതെ നാലുമണിക്ക് സ്കൂൾ വിട്ട് വീട്ടിലേക്ക് വിശന്ന് അവശനായി വന്ന മകന് വിധവയായ അമ്മ എങ്ങനെയോ കരുതിവെച്ച അല്പാഹാരം കഴിക്കുവാൻ എടുത്തപ്പോൾ വൃദ്ധനും രോഗിയുമായ ഒരു മനുഷ്യൻ വിശന്ന് വലഞ്ഞ് വന്ന് വല്ലതും തരണമേ എന്ന് അപേക്ഷിച്ച മാത്രയിൽ ആ വിധവയുടെ മകൻ തന്റെ ആഹാരം ആ മനുഷ്യനു നൽകി സായൂജ്യമടഞ്ഞത് ഈ ലേഖകന് അടുത്തറിയാവുന്ന ഒരു നഗ്നസത്യവും സംഭവവും അത്രേ ദൈവമുമ്പാകെ ആ ബാലന്റെ നല്ല പ്രവർത്തി പിൽക്കാലത്തു അവന്റെ കുടുംബത്തിൽ അനേകർക്ക് ആഹാരവും സാധുജനോദ്ധാരണ സഹായങ്ങളും നല്കുവാൻ തക്കവണ്ണം ദൈവം അവനെ അനുഗ്രഹിച്ചു. അതാണ് ദൈവത്തിന്റെ നീതി കൊടുത്താൽ നിങ്ങൾക്കു കിട്ടും. നിനക്കുന്നതിലും വിചാരിക്കുന്നതിലും അധികമായി അനുഗ്രഹിക്കുന്ന നീതിമാനായ ദൈവം. വെളിച്ചം ഇരുളാകാതെ ദൈവത്തിന്റെ നീതി നിലനിർത്തി. ഉത്തമജീവിതം നയിക്കുന്ന സത്യവിശ്വാസി നഷ്ടം വന്നാലും സത്യത്തെ മറുതലിക്കരുത്. വാക്കുമാറുകയോ കാര്യസാധ്യത്തിന് കള്ള സാക്ഷ്യം പറയുകയോ ചെയ്യരുത്. വാക്കിലും പ്രവർത്തിയിലും നടപ്പിലും എല്ലാ ഏർപ്പാടുകളിലും സത്യമുണ്ടായിരിക്കട്ടെ അപ്പോൾ നമ്മുടെ വെളിച്ചം ഇരുളായി തീർന്നിട്ടില്ലാ എന്ന് ബോധ്യമാകും. വെളിച്ചത്തിന്റെ മക്കളിൽ തെളിയുന്ന പ്രകാശം പ്രവർത്തിയിലൂടെ ലോകത്തിൽ വെളിപ്പെടുമ്പോൾ, ദേശത്തിൽ പ്രയോഗമാകുമ്പോൾ ഇരുട്ടിലുള്ള ചിലരെങ്കിലും വെളിച്ചത്തിലേക്ക് ആകർഷിക്കപ്പെടുവാൻ ഇടയാകട്ടെ.

പകൽ ഉള്ളിടത്തോളം നമുക്ക് നല്ല പ്രവർത്തി ചെയ്യാം. വെളിച്ചത്തിന്റെ ഫലം നമ്മിൽ നിന്നും പുറപ്പെട്ടാൽ സത്യവെളിച്ചമാകുന്ന ക്രിസ്തു നമ്മിൽ പ്രകാശിക്കും.

പ്രവർത്തിപ്പാൻ കഴിയാത്ത ഒരു രാത്രി വരുന്നു. അന്നു നാം തളർന്നു പോകാതിരിപ്പാൻ ഭയചകിതരായി ഭക്നാശയരായി നില്ക്കുവാൻ ഇടവരാതെ സത്യവെളിച്ചമേ നയിച്ചാലും. അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതിയേയും മൂടുമ്പോൾ ക്രിസ്തുവിന്റെ വെളിച്ചം നമ്മിൽ വരട്ടെ, വസിക്കട്ടെ വളരട്ടെ, നമുക്ക് പ്രാർത്ഥിക്കാം.

## സണ്ടേസ്കൂൾ വാർഷിക പരീക്ഷ

മണർകാട്; എം. ജെ. എസ്. എസ്. എ. യുടെ കീഴിൽ പ്രവർത്തിക്കുന്ന മണർകാട് ഡിസ്ട്രിക്റ്റിലെ എല്ലാ സണ്ടേസ്കൂളിലേയും 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വാർഷിക പരീക്ഷ നവംബർ 22, 29 തീയതികളിൽ അതാത് സണ്ടേസ്കൂളിൽവെച്ച് ഉച്ചക്ക് 2 മുതൽ 4 വരെയും, 10-ാം ക്ലാസ്സിലെ പരീക്ഷ ഡിസംബർ 6-ാം തീയതി രാവിലെ 10. 30 മുതൽ 4 വരെ മണർകാട് സെന്റ് മേരീസ് ഹൈസ്കൂളിൽവെച്ചും നടത്തപ്പെടുന്നതാണ്.

## ഭദ്രാസന സൺഡേസ്കൂൾ ബാലകലോൽസവം

### വിവിധ കലാമത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരായവർ

**(മൂവരും മണർകാട് സെൻട്രൽസണ്ടേസ്കൂൾ)**



*എബിൻ സജീവ് മാത്യു- സംഗീതം സീനിയേഴ്സ് ഒന്നാം സ്ഥാനം*



*എലിസബത്ത് സജീവ് മാത്യു - സംഗീതം ജൂണിയേഴ്സ് ഒന്നാം സ്ഥാനം.*



*സൂസന്നാ തോമസ് - തങ്ക വാക്യം സീനിയേഴ്സ് 2-ാം സ്ഥാനം*

# യൂത്ത് അസോസിയേഷൻ കോട്ടയം ഭദ്രാസന ക്യാമ്പ് സമാപിച്ചു

പരി. യാക്കോബായ സഭ യൂത്ത് അസോസിയേഷന്റെ കോട്ടയം ഭദ്രാസന ക്യാമ്പ് വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽവെച്ച് സെപ്തംബർ 25,26,27 തീയതികളിൽ നടത്തപ്പെട്ടു. കോട്ടയം എം. പി. ശ്രീ. ജോസ് കെ. മാണി ഉദ്ഘാടനം ചെയ്തു. ഫാ. കുര്യൻ ജോയി, ഫാ. തോമസ് പതിയാക്കൽ, ഫാ. കുറിയാക്കോസ് കുറിച്ചിമല, ഫാ. വിജി എടാട്ട്, ട്രസ്റ്റി മാത്യു എം. മാണി, പി. വർഗീസ്, സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ തുടങ്ങിയവർ ഉദ്ഘാടന സമ്മേളനത്തിൽ പ്രസംഗിച്ചു. അൻപത് പള്ളികളിൽനിന്നായി നൂറോളം അംഗങ്ങൾ ക്യാമ്പിൽ സംബന്ധിച്ചു.

റവ. ഫാ. സാം കോശി യുവജനങ്ങളുടെ ഇന്നത്തെ മനോഭാവവും മാറ്റങ്ങളും എന്ന വിഷയത്തെക്കുറിച്ചും റവ. ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ യുവജനങ്ങളുടെ സാമൂഹിക പ്രതിബദ്ധത എന്ന വിഷയത്തിലും ക്ലാസ്സുകൾ എടുത്തു. കുമ്പസാരധ്യാനത്തിന് റവ. ഫാ. തോമസ് പള്ളിയമ്പിൽ നേതൃത്വം നൽകി. സമാപന സമ്മേളനോദ്ഘാടനം ബഹു. പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിച്ചു. സ്വാർത്ഥത നിറഞ്ഞ ലോകത്ത് യുവജനങ്ങൾ മാതൃകയുള്ള വ്യക്തിത്വത്തിന് ഉടമകളായി സമൂഹത്തിന് പ്രയോജനം ചെയ്യണമെന്ന് അദ്ദേഹം ആശംസിച്ചു. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. സമൂഹത്തിൽ ഇന്ന് യുവജനങ്ങൾ പലപ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ യുവജനങ്ങൾ പുതിയ പെരുമാറ്റ ശൈലി രൂപപ്പെടുത്തണമെന്നു അഭിവന്ദ്യ തിരുമേനി അഭിപ്രായപ്പെട്ടു.

# തൂത്തൂട്ടി മോർ ഗ്രിഗോറിയോസ് ചാപ്പലിൽ ചാത്തുരുത്തിൽ മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

തൂത്തൂട്ടി മോർ ഗ്രിഗോറിയോസ് ചാപ്പലിൽ ചാത്തുരുത്തി മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും പുതുതായി പണികഴിപ്പിച്ച പിൽഗ്രിം സെന്ററിന്റെ കൂദാശയും 2009 നവംബർ 7, 8 തീയതികളിൽ കോട്ടയം ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സിന്റെയും നിരണം ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മോർ കൂറിലോസ് തിരുമേനിയുടെയും പ്രധാന കാർമ്മികത്വത്തിൽ നടത്തുന്നു.

നവംബർ 1 ഞായറാഴ്ച രാവിലെ 10.00 മണിക്ക് കൊടിയേറ്റ്, 7 ശനി വൈകിട്ട് 5 മണിക്ക് പിൽഗ്രിം സെന്ററിന്റെ കൂദാശ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിക്കുന്നു. 7 മണിക്ക് ചപ്പാത്ത് കുരിശിൻ തൊട്ടിയിലേക്ക് റാസ. പെരുന്നാൾ ദിവസമായ 8-ാം തീയതി ഞായറാഴ്ച രാവിലെ അഭിവന്ദ്യ ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന, തുടർന്ന് പറമ്പുകര കുരിശിൻതൊട്ടിയിലേയ്ക്ക് റാസ, ആശീർവ്വാദം, നേർച്ചവിളമ്പ് എന്നിവയോടുകൂടി പെരുന്നാൾ സമാപിക്കുന്നു.



കോട്ടയം ഭദ്രാസന സണ്ടേസ്കൂൾ ബാലകലോത്സവം ഗ്രൂപ്പ് സോംഗ് സബ്ജൂണിയർ ഒന്നാംസ്ഥാനം നേടിയ മണർകാട് സെൻട്രൽ സണ്ടേസ്കൂളിലെ ലിയാ, എലിസബത്ത് സജീവ് മാത്യു, ഐൻ എന്നിവർ.



കൊച്ചി ഭദ്രാസനത്തിലെ പൊന്നുരുന്നി പള്ളിയിൽ നടന്ന l ഹാക്കീമോ 2009l ബൈബിൾ ക്വിസ് മത്സരത്തിൽ മണർകാട് പള്ളിയെ പ്രതിനിധീകരിച്ച ടീമംഗങ്ങൾ. ഇടത്തുനിന്ന്: അരുൺ ചെറിയാൻ, അൻജു ജോൺ, മനീഷാ മറിയം തോമസ്

# അഭിവന്ദ്യ മോർ യൂലിയോസ് യേശുശീശക്ക്

ആബൂൻ

മലങ്കര സഭയുടെ സമീപകാല ചരിത്രത്തിൽ നക്ഷത്രശോഭ പരത്തിയ പുണ്യപിതാവാണ് മോർ യൂലിയോസ് യേശുശീശക് തിരുമേനി. ടർക്കിയിലെ ക്രൂരമായ മതപീഡനത്താൽ യൂറോപ്പിലെ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറിയ സുറിയാനിക്കാർക്ക് ദേവാലയങ്ങൾ നിർമ്മിക്കുവാനും ഭദ്രാസന ആസ്ഥാനങ്ങൾ പടുത്തുയർത്തുവാനും അഭിവന്ദ്യ തിരുമേനി കർമ്മോത്സുകനായിരുന്നു. ജർമ്മനി, നെതർലൻഡ്, ആസ്ത്രിയ, സ്വിറ്റ്സർലൻഡ്, നോർവേ, സ്വീഡൻ, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ സഭക്ക് അനേകം ദേവാലയങ്ങളും എല്ലാ രാജ്യത്തും ഭദ്രാസനങ്ങളും ഉണ്ട്. ഇതിന് നേതൃത്വം നൽകിയത് അഭി. പിതാവാണ്.

തന്റെ മുൻഗാമിയും ഗുരുവും ആയിരുന്ന മോർ ഫീലക്സിനോസ് ബലദാനി മെത്രാപ്പോലീത്ത അനേകം ഗ്രന്ഥങ്ങൾ രചിക്കുകയും സുറിയാനി സഭയുടെ മറഞ്ഞിരുന്ന പല രത്നങ്ങളും കണ്ടെടുക്കുകയും ചെയ്തു. എന്നാൽ തന്റെ ഗുരുവിന്റെ പാതപിൻപറ്റി ഈ രംഗത്ത് പരിശുദ്ധ അഫ്രേം പാത്രിയർക്കീസ് ബാവായുടെ ഗവേഷണ തൽപരത അഭിവന്ദ്യ പിതാവ് അനുകരിച്ചു. വിവിധ പുസ്തകപരമായും, സുറിയാനി സഭയുടെ ആരാധന ചരിത്രം തുടങ്ങിയവ സംബന്ധിച്ചും ഏതാണ്ട് 100-ഓളം ഗ്രന്ഥങ്ങൾ രചിച്ചു. ഇത് പ്രസിദ്ധീകരിക്കുവാൻ ബാർ എബ്രായ പബ്ലീഷിംഗ് ഹൗസ് ആരംഭിച്ചു. ഇന്നത്തെ അപേക്ഷിച്ച് വാർത്താമാദ്ധ്യമങ്ങൾ വളരെ കുറവായ 1970-കളിൽ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് *കോലോ സുറിയോയോ* എന്ന മാസിക പ്രസിദ്ധീകരിച്ചു. ചിതറിപ്പോകാമായിരുന്ന സുറിയാനിക്കാരെ സംഘടിപ്പിക്കുവാൻ ഈ പ്രസിദ്ധീകരണം വഹിച്ച പങ്കു വളരെ വലുതാണ്.

1942 ജനുവരി ഒന്നിന്, പരിശുദ്ധ പരുമല തിരുമേനി, കൊച്ചുപറമ്പിൽ തിരുമേനി, കടവിൽ തിരുമേനി തുടങ്ങി മലങ്കര ദർശിച്ച പുണ്യ പിതാക്കന്മാരുടെ ഗുരുവായ യുയാക്കീം മോർ കൂറിലോസ് ഉൾപ്പെടെ അനേക വിശുദ്ധ പിതാക്കന്മാർക്ക് ജന്മം നൽകിയ ടർക്കിയിലെ തൂറാബ്ദീനിൽ ബർസൗമോ കാശീശോയു ടെയും ബസ്ക്യാമ സെയദി ന്റെയും പുത്രനായി ജനിച്ചു.

1958-ൽകുർക്കുമ ദയറായിൽ ചേർന്ന് പഠനം ആരംഭിക്കുകയും മോർ ഫീലക്സീനോസ് മെത്രാപ്പോലീത്ത ശെമ്മാശനാക്കുകയും തന്റെ സെക്രട്ടറി ആയി നിയമിക്കുകയും ചെയ്തു. 1960-ൽ റമ്പാനായി, 1969-ൽ മോർ ഈവാനിയോസ് അഫ്രേം മെത്രാപ്പോലീത്തായിൽനിന്ന് വൈദീകപട്ടം സ്വീകരിക്കുകയും ചെയ്തു. 1973 മുതൽ 75 വരെ ഡമസ്കോസിലെ സെന്റ് അഫ്രേം സെമിനാരിയിൽ ചിലവഴിച്ചു. അമേരിക്കൻ ആർച്ച് ബിഷപ്പ് മോർ അത്താനാസ്യോസ് യേശുശാമുവേലിന്റെ ക്ഷണം സ്വീകരിച്ചു 1977 വരെ അമേരിക്കയിൽ ആയിരുന്നു. തുടർന്ന് 1977-ൽ ഹോളണ്ടിലേക്ക് തിരികെ പോകുകയും അവിടെ താമസിക്കുകയും ചെയ്തു. 1979 ജൂൺ 24-ന് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ യൂലിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്ത ആയി വാഴിക്കപ്പെട്ടു. ജർമ്മനിയിൽ തന്നെ ഏതാണ്ട് 55-ൽപരം ദേവാലയങ്ങൾ അദ്ദേഹം പടുത്തുയർത്തി. അപ്രകാരം എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും അദ്ദേഹം ദേവാലയങ്ങൾ സ്ഥാപിച്ചു.

യൂറോപ്പിലെ സഭകളുടെ സമിതികളിൽ സുറിയാനി സഭയുടെ പ്രതിനിധി ആയി അദ്ദേഹം സേവനമനുഷ്ഠിച്ചു. 1984-ൽ പ. സഖാപ്രഥമൻ ബാവാ യുടെ നേതൃത്വത്തിൽ വത്തിക്കാനിലേക്ക് പോയ പ്രതിനിധി സംഘത്തിൽ അഭിവന്ദ്യ ശീശക്ക് തിരുമേനി അംഗമായിരുന്നു. നിർണ്ണായകമായ ചർച്ചകളിലൂടെ നൂറ്റാണ്ടുകളായി വേർതിരിഞ്ഞു നിന്ന കത്തോലിക്ക സഭയും സുറിയാനി സഭയുമായി രമ്യത പ്രാപിക്കുകയും പരിശുദ്ധ പാത്രിയർക്കീസ് ബാവായും ജോൺ പോൾ രണ്ടാമനും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടിയിൽ കൂദാശ ഐക്യം സാധ്യമാക്കുകയും ചെയ്തു.

യൂറോപ്പിലെ എല്ലാ ഭരണാധികാരികളുമായി അദ്ദേഹത്തിനു നല്ല ബന്ധമായിരുന്നു. മലങ്കര സഭയ്ക്ക് പൊതുവായി ഉണ്ടായിരുന്നതും, ബഹു തിരുവിതാംകൂർ രാജകീയ കോടതിയുടെ ഉത്തരവിൽ മാർത്തോമ്മാ സഭയിൽ നിന്നും യാക്കോബായ സഭയ്ക്ക് ലഭിച്ചതും ഇപ്പോൾ മെത്രാൻ കക്ഷികൾ കൈവശം വച്ചിരിക്കുന്നതുമായ പഴയ സെമിനാരി നഷ്ടപ്പെട്ടതിനാൽ വൈദീക വിദ്യാഭ്യാസം മലേക്കുരിശിലും മഞ്ഞനിക്കര യിലും ആയിരുന്നു. 1986-ൽ ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവാ തന്റെ അമേരിക്കൻ സന്ദർശനത്തിലൂടെ ലഭിച്ച തുകകൊണ്ട് മുളന്തുരുത്തി വെട്ടിക്കൽ സെമിനാരിയുടെ സ്ഥലം വാങ്ങി ആയതിനുശേഷം സെമിനാരി പടുത്തുയർത്താൻ ഉള്ള പണം നൽകിയത് അഭിവന്ദ്യ ശീശക്ക് തിരുമേനി ആണ്. തുടർന്ന് അനേകം ശെമ്മാശന്മാർക്ക് സ്കോളർഷിപ്പ് നൽകി പഠനത്തിനു സഹായിച്ചു. മലങ്കരയിൽ വന്ന എല്ലാ അവസരങ്ങളിലും തന്റെ പണം സാധുക്കൾക്കും കുട്ടികൾക്കുമായി വീതിച്ചു നൽകി. ഒരിക്കൽ മണർകാട് പള്ളിയിൽ വന്ന പ്പോഴും ഇപ്രകാരം ചെയ്തു. കേരളത്തിൽ എത്തുമ്പോൾ ഉയർന്ന ഹോട്ടലു കളിൽ താമസിക്കുവാൻ ഉള്ള സാമ്പത്തികശേഷി ഉണ്ടായിരുന്നിട്ടും സെമിനാരിയിലെ പരിമിത സൗകര്യങ്ങളിൽ കഴിയുവാൻ അദ്ദേഹം ആഗ്രഹിച്ചു.

ദൈവദാനമായി തനിക്കുലഭിച്ച സകലതും, തന്റെ അറിവും, ആരോഗ്യവും, ആയുസ്സും ധനവും സുറിയാനി സഭാമക്കൾക്കും ദൈവനാമമഹത്വത്തിനുമായി ചിലവഴിച്ചു. അഭിവന്ദ്യ പിതാവ് 2005 ഒക്ടോബർ 29-നു തന്റെ സ്വർഗീയ മണവറയിലേക്ക് യാത്രയായി. മലങ്കര സഭയെ തന്റെ പ്രാണനുതുല്യം സ്നേഹിച്ച ആ പുണ്യതാതന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. യൂത്ത് അസോസിയേഷനും കോലോ സുറിയോയോയും അദ്ദേഹത്തിന്റെ വിലയേറിയ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്നു.



പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ച റവ. ഫാ. മാത്യൂസ് വടക്കേടത്തിന് ശ്രേഷ്ഠ കാതോലിക്കാ ബാവാ കുരിശും മാലയും നൽകുന്നു.

## കോലോ സുറിയോയോയുടെ പ്രവർത്തനത്തിൽ പങ്കാളിയാവുക

മണർകാട് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണമായ കോലോ സുറിയോയോ ഒന്നര വർഷക്കാലമായി സൗജന്യമായി വിതരണം ചെയ്യുന്നു. നിങ്ങളുടെ വിശേഷദിവസങ്ങൾ (ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം) തുടങ്ങിയവ വളരെ മിതമായ നിരക്കിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പരസ്യങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: 9446073942, sureshaboon@yahoo.com (എഡിറ്റർ), സെക്രട്ടറി: 9496801251.

## 101-ാം ജന്മദിനം ആഘോഷിച്ചു



മണർകാട് പീടിയേക്കൽ പരേതനായ പി. സി. ഏബ്രഹാമിന്റെ ഭാര്യ ഏലിയാമ്മയുടെ 101-ാം ജന്മദിനം ഒക്ടോബർ 17-ാം തീയതി ആഘോഷിച്ചു. വെള്ളൂർ കളിങ്കൂട്ടിലായ പൂവക്കോട് കുടുംബാംഗമായ ഏലിയാമ്മ ഇതുവരെ അഞ്ചു തലമുറകൾ കണ്ടു. പള്ളിവക പാരീഷ് ഹാളിൽവെച്ച് നടത്തപ്പെട്ട ജന്മദിനാഘോഷങ്ങളിൽ കത്തീഡ്രൽ വികാരി റവ. ഫാ. ഇ. റ്റി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ ഇട്ട്യേടത്ത്, റവ. ഫാ. ഏബ്രഹാം കോർ എപ്പിസ്കോപ്പാ കരിമ്പനത്തറ, സഹവികാരിമാർ, വനിതാസമാജം പ്രവർത്തകർ, ബന്ധുമിത്രാദികൾ, സുഹൃത്തുക്കൾ എന്നിവർ പങ്കെടുത്തു. 104 വയസ്സുള്ള സഹോദരി ശോശാമ്മയും 93 വയസ്സുള്ള സഹോദരൻ വർഗീസും തദവസരത്തിൽ സന്നിഹിതരായിരുന്നു.



പരിശുദ്ധ ശക്രുള്ള മോർ ബസേലിയോസ് മഫ്രിയാനാ ബാവായുടെ കബറിടത്തിൽ ശ്രേഷ്ഠബാവാ ധൂപപ്രാർത്ഥന നടത്തുന്നു.

## വിവാഹിതരായി



മണർകാട് താഴത്തേടത്തു മാത്യു ഫിലിപ്പിന്റെ മകൻ ബാബു മാത്യുവും മണർകാട് ഇലഞ്ഞിത്തറ ഇ. ജെ. തോമസിന്റെ മകൾ ഷൈമോൾ തോമസും മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് വിവാഹിതരായി


